# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4883  04.07.2012- ൽ മറുപടിക്ക്**

## ബേപ്പൂർ തുറമുഖ വികസന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എളമരം കരീം : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ബേപ്പൂർ തുറമുഖ വികസനത്തിനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ; | (എ) ബേപ്പൂർ തുറമുഖം പൊതുസ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിയ്ക്കുന്നതിനായി ആഗോള ടെണ്ടർ പുറപ്പെടുവിയ്ക്കുകയും അപ്രകാരം ലഭിച്ചിട്ടുള്ള ആഗോള ടെണ്ടർ 03.07.2012 ന് തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി തുറമുഖത്തെ 200 x 20 മീറ്റർ വാർഫ് ലക്ഷദ്വീപിന് വാർഷിക ലീസടിസ്ഥാനത്തിൽ നൽകാനുള്ള ലീസ് എഗ്രിമെന്റ് 12/01/2012 - ൽ ഒപ്പുവെച്ചു. ലക്ഷദ്വീപിന്റെ യാത്രാ - ചരക്കു കപ്പലുകൾക്കുമാത്രമായി വാർഫ്/ഗോഡൌൺ/പാസഞ്ചർ ടെർമിനൽ എന്നിവ നിർമ്മിക്കുന്നതിനാണ് എഗ്രിമെന്റ് ഒപ്പുവെച്ചിട്ടുള്ളത്. കൂടാതെ ബേപ്പൂർ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

----2

| | | | |
|---|---|---|---|
| | | | (i) ISPS കോഡ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബേപ്പൂർ തുറമുഖത്തെ ചുറ്റുമതിൽ ഉയർത്തൽ. - **30** ലക്ഷം രൂപ<br><br>(ii) 3 ടൺ ക്രെയിൻ വാങ്ങൽ - **70** ലക്ഷം രൂപ<br><br>(iii) ഒരു പട്രോൾ ബോട്ട് വാങ്ങൽ - **70** ലക്ഷം രൂപ<br><br>(iv) ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിയ്ക്കൽ .- **59,91,000** രൂപ<br><br>(v) ഡ്രഡ്ജിംഗ് പ്രവൃത്തി -**820** ലക്ഷം രൂപ |
| (ബി) | വികസന പദ്ധതിയുടെ പ്രവൃത്തി എപ്പോൾ തുടങ്ങാനാകും; | (ബി) | ആഗോള ടെണ്ടർ തുറന്നു കഴിഞ്ഞതിനുശേഷം വികസന പദ്ധതിയുടെ പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കാൻ കഴിയുകയുള്ളൂ. |
| (സി) | പ്രസ്തുത വികസനത്തിനായി എത്ര കോടി രൂപയുടെ പദ്ധതിയാണ് പരിഗണനയിലുള്ളത്? | (സി) | **162.50 കോടി** രൂപയുടെ പദ്ധതിയാണ് പരിഗണനയിലുള്ളത്. |

സെക്ഷൻ ഓഫീസർ